2026
July
06
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ഗൾഫ് എണ്ണ കയറ്റുമതി ഉയർന്നു

**ലണ്ടൻ:** പശ്ചിമേഷ്യയിലെ സംഘർഷത്തിന് അയവുവന്നതോടെ ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള എണ്ണ കയറ്റുമതിയിൽ വൻ വർധന. മേയ് മാസത്തെ അപേക്ഷിച്ച് ജൂണിൽ കയറ്റുമതിയിൽ മൂന്നു മില്യണിലധികം ബാരലിൻറെ വർധനയുണ്ടായതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതോടെ പ്രതിദിനം 10 മില്യൺ ബാരലിലധികം ക്രൂഡ് ഓയിലാണ് ഗൾഫ് മേഖലയിൽ നിന്ന് കയറ്റുമതി ചെയ്തതെന്ന് കാർഗോ അനലിറ്റിക്സ് വെബ്സൈറ്റായ കെപ്ലർ റിപ്പോർട്ട് ചെയ്തു. യുദ്ധത്തിന് മുൻപുള്ള ശരാശരിയേക്കാൾ 40 ശതമാനം കുറവാണ് ഇപ്പോഴത്തെ കയറ്റുമതി.

ഗൾഫ് മേഖലയിൽ കുടുങ്ങിക്കിടന്ന ദശലക്ഷക്കണക്കിനു ബാരൽ അസംസ്കൃത എണ്ണ അന്താരാഷ്ട്ര വിപണിയിലെത്തിക്കാൻ വഴിയൊരുക്കി എണ്ണ വിപണിയുടെ തിരിച്ചുവരവിന് നേതൃത്വം നൽകിയത് യുഎഇ ആണ്. ഇത് ഉത്പാദനം വർധിപ്പിക്കാനും എണ്ണ വില സംഘർഷത്തിനു മുൻപുള്ള നിരക്കിലേക്ക് താഴ്ത്താനും ഉത്പാദകരെ സഹായിച്ചു.

കെപ്ലർ പുറത്തുവിട്ട വിവരങ്ങൾ പ്രകാരം സൗദി അറേബ്യ, യുഎഇ, കുവൈറ്റ്, ഇറാക്ക്, ഇറാൻ എന്നീ രാജ്യങ്ങളിൽനിന്നുള്ള മൊത്തം അസംസ്കൃത എണ്ണ, കണ്ടൻസേറ്റ് എന്നിവയുടെ കയറ്റുമതിയും മേയ് മാസത്തെ അപേക്ഷിച്ച് പ്രതിദിനം 3.5 മില്യണിലധികം ബാരൽ വർധിച്ച് 10.07 മില്യൺ ബാരലിലെത്തി.



മറ്റൊരു കാർഗോ അനലിറ്റിക്സ് കമ്പനിയായ വോർട്ടെക്സയുടെ കണക്കനുസരിച്ച് ജൂണിലെ എണ്ണ കയറ്റുമതി പ്രതിദിനം 10.2 മില്യൺ വർധിച്ചു. മേയിൽ ഇത് ഏഴു മില്യൺ ബാരലായിരുന്നു. എന്നാൽ ഒരു വർഷം മുന്പത്തേക്കാൾ 16.5 മില്യൺ ബാരലിന്റെ കുറവാണ്.

കെപ്ലർ ഡാറ്റ പ്രകാരം ജൂണിൽ യുഎഇയുടെ കയറ്റുമതി എക്കാലത്തെയും ഉയർന്ന റിക്കാർഡായ 3.73.8 മില്യൺ ബാരലിൽ എത്തി. മേയ് മാസത്തേക്കാൾ ഒരു മില്യൺ ബാരലിലധികം മുകളിലാണിത്.

സൗദി അറേബ്യയുടെ ജൂണിലെ കയറ്റുമതി 7,68,000 ബാരൽ വർധിച്ച് പ്രതിദിനം 4.52 മില്യൺ ബാരലിലെത്തി. ഇറാക്ക്, കുവൈറ്റ് എന്നീ രാജ്യങ്ങളുടെ കയറ്റുമതി 8,00,000 ബാരൽ വീതമായി ഉയർന്നു. കുവൈറ്റ് തങ്ങളുടെ ഉത്പാദനം ജൂണിൽ 1.65 മില്യൺ ബാരലായി കുത്തനെ കൂട്ടിയിട്ടുണ്ട്.

യുഎസ് ഏർപ്പെടുത്തിയ ഉപരോധങ്ങളിൽ ഇളവ് വന്നതോടെ ഇറാന്റെ കയറ്റുമതിയിൽ 70 ശതമാനത്തിലധികം വർധനവുണ്ടായതായി വോർട്ടെക്സ കണക്കുകൾ പറയുന്നു.

യുദ്ധസമയത്ത് ഹോർമുസ് കടലിടുക്ക് ഒഴിവാക്കാനായി സൗദി അറേബ്യയും യുഎഇയും തങ്ങളുടെ ബദൽ പൈപ്പ്ലൈൻ സംവിധാനങ്ങൾ ഉപയോഗിച്ചിരുന്നു. കൂടാതെ യുഎഇയുടെ ദേശീയ എണ്ണക്കമ്പനിയായ അഡ്നോക് (എഡിഎൻഒസി) കയറ്റുമതി സുഗമമാക്കാൻ പ്രത്യേക ടാങ്കർ ഷട്ടിൽ സർവീസും നടത്തി. എന്നാൽ ഇറാക്കിനും കുവൈറ്റിനും ഇത്തരം ബദൽ പൈപ്പ്ലൈൻ സൗകര്യങ്ങൾ ഇല്ലായിരുന്നു.



# ഇന്ത്യയുടെ വിദേശനാണ്യ ശേഖരം കുറഞ്ഞു

**മുംബൈ:** റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറത്തുവിട്ട കണക്കുകൾ പ്രകാരം ജൂൺ 26ന് അവസാനിച്ച വാരത്തിൽ രാജ്യത്തെ വിദേശനാണ്യ നിക്ഷേപം 5.65 ബില്യൺ ഡോളർ കുറഞ്ഞ് 666.93 ബില്യണിലെത്തി.

ജൂൺ 19ന് അവസാനിച്ച മുൻ വാരത്തിൽ വിദേശനാണ്യ ശേഖരം 963 മില്യൺ ഡോളർ ഉയർന്ന് 671.63 ബില്യണിലെത്തിയശേഷമാണ് ഈ ഇടിവ്.

വിദേശനാണ്യ ശേഖരത്തിലെ ഏറ്റവും വലിയ ഘടകമായ ഫോറിൻ കറൻസി അസറ്റ്സ് ഈ വാരത്തിൽ 150 മില്യൺ ഡോളർ കുറഞ്ഞ് 541.067 ബില്യണിലെത്തി.

സ്വർണശേഖരത്തിന്റെ മൂല്യം 5.394 ബില്യൺ ഡോളർ കുറഞ്ഞ് 102.536 ബില്യൺ ഡോളറായതായി കേന്ദ്ര ബാങ്ക് അറിയിച്ചു. സ്പെഷൽ ഡ്രോയിംഗ് റൈറ്റ്സ് (എസ്ഡിആർ) 89 മില്യൺ കുറഞ്ഞ് 18.558 ബില്യണിലെത്തി.

കേന്ദ്ര ബാങ്കിന്റെ കണക്കുകൾ പ്രകാരം വാരത്തിന്റെ അവസാനത്തിൽ അന്താരാഷ് ട്ര നാണയ നിധിയിലെ ഇന്ത്യയുടെ റിസർവ് പൊസിഷനും 21 മില്യൺ കുറഞ്ഞ് 4.772 ബില്യൺ ഡോളറായി.

# ജൂൺ മാസത്തിൽ ജിഎസ്ടി വരുമാനത്തിൽ വർധന

**ന്യൂഡൽഹി:** ജൂൺ മാസത്തിൽ ഇന്ത്യയുടെ ചരക്കു സേവന നികുതി (ജിഎസ്ടി) വരുമാനത്തിൽ വർധന രേഖപ്പെടുത്തി. മുൻ വർഷം




ഇതേ കാലയളവിലെ 1,71,105 കോടി രൂപയെക്കാൾ 13.9 ശതമാനം ഉയർന്ന് 1,94,812 ലക്ഷം കോടി രൂപയായി.

മേയിലെ മൊത്തം ജിഎസ്ടി വരുമാനം വാർഷികാടിസ്ഥാനത്തിൽ 3.2 ശതമാനം മാത്രം വളർച്ചയോടെ 1.94 ലക്ഷം കോടി രൂപയായി രേഖപ്പെടുത്തിയതിനുശേഷമാണ് ഈ കുതിച്ചുചാട്ടം. ആഭ്യന്തര വരുമാനത്തിലും ഇറക്കുമതി തീരുവയിലുണ്ടായ വൻ വർധനയുടെ കരുത്തിലാണ് ജൂണിലെ ജിഎസ്ടി വരുമാനം ഉയർന്നത്.

ജൂണിലെ തൊത്തം ആഭ്യന്തര ജിഎസ്ടി വരുമാനം വാർഷികാടിസ്ഥാനത്തിൽ 6.5 ശതമാനം വർധിച്ച് മുൻ വർഷത്തെ 1,26,506 ലക്ഷം കോടി രൂപയിൽനിന്ന് 1,34,774 കോടി രൂപയിലെത്തി. ഇറക്കുമതിയിൽനിന്നുള്ള മൊത്തം ജിഎസ്ടി വരുമാനം കഴിഞ്ഞ വർഷം ജൂണിലെ 44,600 കോടി രൂപയിൽനിന്ന് 34.6 ശതമാനം വർധിച്ച് 60,038 കോടിയിലെത്തി.

ജൂണിലെ അറ്റ ജിഎസ്ടി വരുമാനം വാർഷികാടിസ്ഥാനത്തിൽ 11.2 ശതമാനം വർധിച്ച് മുൻ വർഷത്തെ 1,45,984 കോടി രൂപയിൽനിന്ന് 1,62,377 കോടിയിലെത്തി.






# കുസാറ്റ്: റിയൽ ടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ വിവിധ വകുപ്പുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ നടത്തുന്നു. കുഞ്ഞാലി മരക്കാർ സ്കൂൾ ഓഫ് മറൈൻ എൻജിനീയറിങ് (കെഎംഎസ്എംഇ)

ബി.ടെക് മറൈൻ എൻജിനീയറിങ് കോഴ്സിലേക്കുള്ള പ്രവേശനത്തിനായി ജൂലൈ 6ന് റിയൽ ടൈം കൗൺസിലിംഗ് സംഘടിപ്പിക്കും. കുസാറ്റ് മറൈൻ റാങ്ക് ലിസ്റ്റിൽ 1 മുതൽ 250 വരെ റാങ്കുള്ള വിദ്യാർത്ഥികൾ രാവിലെ 9 മുതൽ 10 വരെ ക്യാമ്പസിൽ നേരിട്ട് ഹാജരായി രജിസ്ട്രേഷൻ നടത്തണം. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862712

## കെമിക്കൽ ഓഷ്യാനോഗ്രഫി

എംഎസ് സി ഹൈഡ്രോകെമിസ്ട്രി റാങ്ക് ലിസ്റ്റിലുള്ള (ആദ്യ 100 റാങ്ക് വരെ) യോഗ്യരായ വിദ്യാർത്ഥികൾ ജൂലൈ 6ന് രാവിലെ 10 മുതൽ 11 വരെ കുസാറ്റ് ലേക്സൈഡ് ക്യാമ്പസ്സിൽ ഹാജരാകണം. ഓൺലൈൻ മോഡിൽ പങ്കെടുക്കാനും സൗകര്യം ഒരുക്കിയിട്ടുണ്ട്. ഓൺലൈനായി പങ്കെടുക്കാനുള്ള ലിങ്ക് : https://meet.google.com/xxg-qmar-nwq . ഹാജരാകുന്നവർ ആവശ്യമായ സർട്ടിഫിക്കറ്റുകളും രേഖകളും കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: chemoc.cusat.ac.in ഫോൺ: 04842863403, 8281256045

## അപ്ലൈഡ് കെമിസ്ട്രി

ഇന്റഗ്രേറ്റഡ് എംഎസ് സി കെമിസ്ട്രി പ്രോഗ്രാമിലേക്കുള്ള രണ്ടാം റിയൽ ടൈം അഡ്മിഷൻ ജൂലൈ 7ന് രാവിലെ 9 മുതൽ 10: 30 വരെ അപ്ലൈഡ് കെമിസ്ട്രി വകുപ്പിൽ സംഘടിപ്പിക്കും. കുസാറ്റ് 2026 റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862421.

# സ്കൂൾ ഓഫ് എൻജിനീയറിങ്ങിൽ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് എൻജിനീയറിങ്ങിലെ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് എൻജിനീയറിങ് വിഭാഗത്തിൽ ടെന്യുവർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യത എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾ പ്രകാരമായിരിക്കും. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 15ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. സ്വയം സാക്ഷ്യംവഹിച്ച അപേക്ഷയുടെ കോപ്പിയും, വയസ്, യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ സർട്ടിഫിക്കറ്റുകളുടെ കോപ്പിയും 'രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല കൊച്ചി 22' എന്ന വിലാസത്തിലേക്ക് ജൂലൈ 22ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം, മറ്റ് വിശദ വിവരങ്ങൾക്ക് https://recruit.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# സംസ്കൃത സർവകലാശാലയിൽ പി. ജി. / പി. ജി. ഡിപ്ളോമ: സ്പോട്ട് അഡ്മിഷൻ ജൂൺ ആറിന്

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി കാമ്പസിലും വിവിധ പ്രാദേശിക കാമ്പസുകളിലുമുള്ള പി. ജി. / പി. ജി. ഡിപ്ലോമ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ജൂൺ ആറിന് രാവിലെ 10ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

## പി. ജി./പി. ജി. ഡിപ്ലോമ: സ്പെഷ്യൽ അലോട്ട്മെന്റ് അഡ്മിഷൻ ജൂൺ എട്ടിന്

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി കാമ്പസിലും വിവിധ പ്രാദേശിക കാമ്പസുകളിലുമുള്ള പി. ജി. / പി. ജി. ഡിപ്ലോമ പ്രോഗ്രാമുകളിൽ ഒഴിവുള്ള സ്പെഷ്യൽ കാറ്റഗറി സീറ്റുകളിലേയ്ക്ക് ജൂൺ എട്ടിന് രാവിലെ 10ന് സ്പെഷ്യൽ അഡ്മിഷൻ നടത്തുന്നു. അന്ധർ/ഭിന്നശേഷി, അനാഥർ, സ്പോർട്സ്, എൻ സി സി, എൻ എസ് എസ്, കലാതിലകം, കലാപ്രതിഭ, വിമുക്തഭടൻ, കാശ്മീരി അഭയാർത്ഥികൾ, അന്തമാൻനിക്കോബാർ ദ്വീപുകളിൽ താമസിക്കുന്ന കേരളീയരുടെ പിൻതലമുറക്കാർ എന്നീ വിഭാഗക്കാരാണ് സ്പെഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടുന്നത്. സ്പെഷ്യൽ അലോട്ട്മെന്റിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ അപേക്ഷകർക്കും പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.



# കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ മീറ്റ് റോമിൽ ലെയോ പതിനാലാമൻ മാർപാപ്പ പങ്കെടുക്കും

**കൊച്ചി:** കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ മീറ്റ് ഒക്ടോബർ 19 മുതൽ 23 വരെ തിയതികളിൽ റോമിൽ വച്ച് നടക്കും. പരിശുദ്ധ ലെയോ മാർപാപ്പ ഈ സമ്മേളനത്തിൽ പ്രത്യേകമായി പങ്കെടുക്കുകയും ആശീർവാദം നൽകുകയും ചെയ്യും. 108 വർഷങ്ങളായി പ്രവർത്തിക്കുന്ന കത്തോലിക്ക കോൺഗ്രസിന്റേയും, സീറോ മലബാർ സഭയുടെയും അഭിമാന നിമിഷങ്ങളാണ് ഗ്ലോബൽ മീറ്റിലൂടെ നടത്തപ്പെടുന്നത്. ലോകത്തിന്റെ വിവിധ രാജ്യങ്ങളിലായി താമസിക്കുന്ന സീറോ മലബാർ സമുദായ അംഗങ്ങൾ ഒന്നു ചേർന്ന് സഭയുടെയും സമുദായത്തിന്റെയും ശക്തീകരണത്തിനായി ഒത്തുചേരുന്ന അവസരമാണ് ഗ്ലോബൽ മീറ്റ്. 32 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും . ഗ്ലോബൽ മീറ്റിന് മുന്നോടിയായി 40 രാജ്യങ്ങളിലൂടെ പ്രയാണം ചെയ്യുന്ന പതാക പ്രയാണത്തിന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ തുടക്കം കുറിച്ചു. സീറോ മലബാർ സഭ തലവൻ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന് പതാക കൈമാറിക്കൊണ്ട് പതാക പ്രയാണം ആരംഭിച്ചു. ഒരു വിശ്വാസം ഒരു സമുദായം, എല്ലാ ഭൂഖണ്ഡങ്ങൾ എന്ന ആപ്തവാക്യവുമായ് സമുദായ ശക്തികരണത്തിന്റെ വ്യത്യസ്ഥ തലങ്ങൾ അവതരിപ്പിക്കുന്ന ഗ്ലോബൽ മീറ്റിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ വിഷയാവതരണങ്ങളും ചർച്ചകളും സംവാദങ്ങളും നടത്തപ്പെടും . ഈ സമ്മേളനത്തിൽ മാർപാപ്പയുടെ വലിയ സാനിദ്ധ്യവും സീറോ മലബാർ സഭയുടെ മുഴുവൻ ജനതയ്ക്കും ഉള്ള ആശീർവാദവും നൽകുന്നതാണ്. പതാക പ്രയാണം കൈമാറിയ ചടങ്ങിൽ ഗ്ലോബൽ ഡയറക്ടർ ഫാ . ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ. ജോസ്കുട്ടി ജെ ഒഴുകയിൽ, ജനറൽ കൺവീനർ ബെന്നി മാത്യു പുളിക്കക്കര, വൈസ് പ്രസിഡന്റ്മാരായ ഷെവലിയർ ഡേവീസ് എടക്കളത്തൂർ, ബെന്നി ആന്റണി, ട്രീസ ലിസ് സെബാസ്റ്റ്യൻ, രാജേഷ് ജോൺ എന്നിവർ പങ്കെടുത്തു . പതാക പ്രയാണം മൗണ്ട് സെന്റ് തോമസിൽ നിന്നും മിഡിൽ ഈസ്റ്റിലേക്ക് ബഹറിൽ പ്രസിഡന്റ് ചാർഡ് അലുക്ക ഏറ്റുവാങ്ങി പ്രയാണം ആരംഭിച്ചു. മിഡിൽ ഈസ്റ്റിലെ വിവിധ രാജ്യങ്ങളിൽ പ്രയാണം ചെയ്ത് ക്യാനഡ, യു എസ് എ, ആസ്ട്രേലിയ, ഫാർ ഈസ്റ്റ്, യൂറോപ്പ് എന്നി ഭൂഖണ്ഡങ്ങളിലെ വിവിധ രാജ്യങ്ങളിൽ എത്തി ചേർന്ന് സ്വീകരണങ്ങൾ ഏറ്റ് വാങ്ങി ഇന്ത്യയിൽ എത്തിച്ചേരുന്നതും, ഇന്ത്യയില വിവിധ രൂപതകളിലൂടെ പ്രയാണം ചെയ്ത് കേരളത്തിലെ മുഴുവൻ രൂപതകളിലും സ്വീകരണങ്ങൾ ഏറ്റ് വാങ്ങി ഒക്ടോബർ 19ന് റോമിലേക്ക് പ്രയാണം എത്തിച്ചേരുന്നതും പതാക ഉയർത്തൽ നടത്തപ്പെടുന്നതുമാണ് . ഗ്ലോബൽ സമ്മേളനത്തിനുള്ള രജിസ്ട്രേഷൻ, ഒരുക്കങ്ങൾ , വിവിധ കമ്മറ്റികൾ, ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നതായി ഭാരവാഹികൾ അറിയിച്ചു. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ, ബിഷപ്പ് ലെഗേറ്റ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ, ആർച്ച് ബിഷപ്പ്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോസഫ് പാംപ്ലാനി, മാർ തോമസ് തറയിൽ ഉൾപ്പെടെ സഭാ പിതാക്കന്മാരും, സമുദായ നേതാക്കന്മാരും, പ്രതിനിധികളും മൂന്ന് ദിവസത്തെ കോൺഫറൻസിൽ പങ്കെടുക്കുന്നതാണ്.

# ഏകദിന നേതൃത്വ ശില്പശാല നടത്തി

കൊച്ചി: വരാപ്പുഴ അതിരൂപത ബി.സി.സി യുടെ നേതൃത്വത്തിൽ ഇടവകകളിൽ നിന്നുള്ള ഭാരവാഹികൾക്കായി ഏകദിന നേതൃത്വ ശില്പശാല നടത്തി.

കച്ചേരിപ്പടി ആശിർ ഭവനിൽ നടന്ന ശില്പശാല അതിരൂപത ചാൻസലർ റവ. ഫാ. എബിജിൻ അറക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ബി.സി. സി ഡയറക്ടർ ഫാ.യേശുദാസ് പഴമ്പിള്ളി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

വിവിധ വിഷയങ്ങളിൽ അഡ്വ.ചാർളി പോൾ, റവ. ഡോ ജോഷി മയ്യാറ്റിൽ, സ്റ്റീഫൻ വർഗീസ് എന്നിവർ ക്ലാസുകൾ നയിച്ചു. ബി.സി.സി കോഡിനേറ്റർ മാരായ റോയി പാളയത്തിൽ, അന്റോണിനസ് മനയിൽ, നിക്സൺ വേണാട്ട് എന്നിവർ പ്രസംഗിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY

## എം.ജി സർവകലാശാല

# ലോകത്തെ മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ 16 അധ്യാപകർ

**കോട്ടയം:** അന്താരാഷ്ട്ര റാങ്കിങ് സംരഭമായ സൈ റാങ്ക് ഗ്ലോബൽ പ്രസിദ്ധീകരിച്ച ലോകത്തിലെ മികച്ച അഞ്ച് ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പതിനാറ് അധ്യാപകരും, ഒരു സീനിയർ സയന്റിസ്റ്റും, രണ്ടു ഗവേഷക വിദ്യാർത്ഥികളും ഇടം നേടി. ലോകമെമ്പാടും സജീവമായി ഗവേഷണം നടത്തുന്ന ഗവേഷകരുടെ പ്രബന്ധങ്ങൾ, അവരുടെ ശാസ്ത്ര സംഭാവനകൾ, സൈറ്റേഷനുകൾ എന്നിവ വിലയിരുത്തിയാണ് ഈ ആഗോള പട്ടിക തയ്യാറാക്കിയിരിക്കുന്നത്.

പ്രൊഫ. ജി. അനിൽകുമാർ, പ്രൊഫ. ബീന മാത്യു, പ്രൊഫ. സുരേഷ് മാത്യു, ഡോ. ഡിറ്റി ഡിക്സൺ, ഡോ. കൃഷ്ണൻ കർത്താ കളത്തിൽ (സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്), പ്രൊഫ. രാധാകൃഷ്ണൻ ഇ. കെ., പ്രൊഫ. ജ്യോതിസ് മാത്യു, പ്രൊഫ. ജിഷ എം. എസ്., ഡോ. ദിവ്യ കെ.(സ്കൂൾ ഓഫ് ബയോസയൻസസ് ), പ്രൊഫ. നന്ദകുമാർ കളരിക്കൽ, പ്രൊഫ. സിറിയക് ജോസഫ്, പ്രൊഫ. ബിജു പി. ആർ. (സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സിക്സ് ) ഡോ. ശ്രീകല എം. എസ്., ഡോ. ഷാരെൽ റിബെല്ലോ (സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി), പ്രൊഫ. സി. ടി. അരവിന്ദകുമാർ, ഡോ. സിബു സൈമൺ (സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് ), പ്രൊഫ. കെ. പി. മോഹനകുമാർ (ഇൻറർയൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച്), പ്രൊഫ. സാബു തോമസ് (ഇന്റർനാഷണൽ ആൻഡ് ഇൻറർയൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസസ് ആൻഡ് നാനോടെക്നോളജി), ഡോ. ഉഷ രാജമ്മ (ഇൻറർയൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച്) എന്നിവരാണ് മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നും പട്ടികയിൽ ഉൾപ്പെട്ടവ!ർ.

ലോകത്തിലെ ഏറ്റവും വലിയ ഓപ്പൺസോഴ്സ് ഗവേഷണ ഡാറ്റാബേസായ ഓപ്പൺ അലക്സിലെ 8 മില്ല്യൺ പ്രൊഫൈലുകൾ വിലയിരുത്തിയാണ് റാങ്കിങ്ങ് തയ്യാറാക്കിയിട്ടുള്ളത്. പത്ത് ഗവേഷണ പ്രബന്ധങ്ങളെങ്കിലും പ്രസിദ്ധീകരിച്ചവരെ മാത്രമേ കണക്കിലെടുത്തിട്ടുള്ളുവെങ്കിലും പ്രബന്ധങ്ങളുടെ എണ്ണം മാത്രം പരിഗണിക്കാതെ നിലവാരം കൂടി നോക്കിയാണ് അന്തിമ സ്കോർ തയ്യാറാക്കിയിരിക്കുന്നതെന്ന് സൈഗ്ലോബലിന്റെ വെബ്സൈറ്റ് വിശദീകരിക്കുന്നു.

സർവകലാശാലയുടെ ഉയർന്ന ഗവേഷണ നിലവാരത്തിനും അന്തർദേശീയ തലത്തിലുള്ള അംഗീകാരത്തിനും കൂടുതൽ കരുത്തുപകരുന്നതാണ് ഈ നേട്ടം. ഈ വർഷത്തെ ടൈംസ് ഗ്ലോബൽ റാങ്കിങ്ങിലും കേരളത്തിൽ ഒന്നാം സ്ഥാനത്തോടെ സർവകലാശാല മികച്ച നിലവാരം പുലർത്തിയിരുന്നു. ഇതിന് പിന്നാലെയാണ് ആഗോള ശാസ്ത്രലോകത്തുനിന്നുള്ള ഈ പുതിയ അംഗീകാരവും സർവകലാശാലയെ തേടിയെത്തിയിരിക്കുന്നത്.

## എം.ജി. സർവകലാശാലയിൽ ത്രിദിന ശിൽപശാല സംഘടിപ്പിച്ചു

കേരള സംസ്ഥാന ഉന്നതവിദ്യഭ്യാസ കൗൺസിലിന് കീഴിലുള്ള കിസ്റ്റി (ഗകടഠക), മഹാത്മാഗാന്ധി സർവകലാശാലയുമായി സഹകരിച്ച് സംഘടിപ്പിച്ച 'ഓക്സ്ഫോർഡ് നാനോപോർ സീക്വൻസിംഗ് ആൻറ് ഡാറ്റ അനാലിസിസ്' ത്രിദിന ഹാൻഡ്സ് ഓൺ പരിശീലന ശിൽപശാല വിജയകരമായി പൂർത്തിയായി. ജൂലൈ 1 മുതൽ 3 വരെ നടന്ന ശിൽപശാലയുടെ ഉദ്ഘാടനം സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി.മാവൂതു നിർവഹിച്ചു.

കിസ്റ്റി കോഓർഡിനേറ്റർ പ്രൊഫ. (ഡോ.) ഇ. കെ. രാധാകൃഷ്ണൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ സർവകലാശാല രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ്, പ്രൊഫ. (ഡോ.) കെ. ജയചന്ദ്രൻ എന്നിവർ ആശംസകൾ നേർന്നു. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും വിദഗ്ദ്ധരും പങ്കെടുത്ത ശിൽപശാലയിൽ ജിനോമിക്സ് സാങ്കേതികവിദ്യാ രംഗത്തെ പ്രായോഗിക പരിശീലനമാണ് നൽകിയത്.

## ഫാഷൻ ഡിസൈനിംഗ് കോഴ്സ്: പ്രവേശനം തുടരുന്നു

മഹാത്മാഗാന്ധി സർവകലാശാലയിലെ കഡഇഉട നടത്തുന്ന ഒരു വർഷത്തെ 'ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് ആൻഡ് ബ്യൂട്ടീഷ്യൻ' കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഗാർമെൻറ്സ് ഇൻഡസ്ട്രിയിൽ ജോലി സാധ്യതയുള്ള ഈ കോഴ്സിന് പ്രായപരിധിയില്ല. ഇൻഡസ്ട്രിയൽ ട്രെയിനിംഗും പ്ലേയ്സ്മെൻറ് സഹായവും ലഭിക്കുന്ന ഓഫ് ലൈൻ ക്ലാസുകൾ ജൂലൈ 20ന് ആരംഭിക്കും. ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് പ്രവേശനം ഫോൺ 9496414917, 8891391580. ഇമെയിൽ iucds-mgu@mgu.ac.in.

# അറബിക്കടലിൽ പുതിയ ആഴക്കടൽ മത്സ്യത്തെ കണ്ടെത്തി സിഎംഎഫ്ആർഐ



**കൊച്ചി:** അറബിക്കടലിൽ നിന്ന് പുതിയ ഇനം ആഴക്കടൽ മത്സ്യത്തെ കണ്ടെത്തി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ലക്ഷദ്വീപ് കടലിന്റെ കിഴക്കൻ മേഖലയിൽ 350 മുതൽ 500 മീറ്റർ വരെ ആഴമുള്ള ഭാഗത്താണ് ഇവയെ കണ്ടെത്തിയത്. കൊല്ലം ശക്തികുളങ്ങര ഹാർബറിൽ എത്തിയ ആഴക്കടൽ ട്രോളിംഗ് ബോട്ടുകളിൽ നിന്നാണ് ഗവേഷണത്തിനാവശ്യമായ ആറ് മത്സ്യങ്ങളെ സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർക്ക് ലഭിച്ചത്.

ഇന്ത്യൻ ഡോറി എന്ന് വിളിക്കുന്ന ഈ മത്സ്യത്തിന് 'സിറ്റോപ്സിസ് ഇൻഡിക്ക' എന്നാണ് ശാസ്ത്രീയ നാമം നൽകിയിരിക്കുന്നത്

സിഎംഎഫ്ആർഐയിലെ ഡോ ആർ രതീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള ഗവേഷക സംഘമാണ് പുതിയ കണ്ടെത്തലിന് പിന്നിൽ.

പരമ്പരാഗത ശാസ്ത്രീയ വർഗ്ഗീകരണ രീതികളിലും അത്യാധുനിക ഡി.എൻ.എ. പരിശോധനയിലുമാണ് ഇത് പുതിയ ഇനം മീനാണെന്ന് ഗവേഷകർ സ്ഥിരീകരിച്ചത്. ഇതുവരെ ഇന്ത്യൻ മഹാസമുദ്രത്തിൽ കാണപ്പെടുന്ന ഈ മത്സ്യങ്ങൾ അറ്റ്ലാന്റിക് സമുദ്രത്തിൽ കാണപ്പെടുന്ന 'സിറ്റോപ്സിസ് റോസിയ' എന്ന വിഭാഗത്തിൽപ്പെട്ടതാണെന്നാണ് കരുതിയിരുന്നത്. എന്നാൽ, ജനിതകഘടനയിൽ ഇവയിൽ നിന്ന് വ്യത്യസ്തമാണ് പുതിയ മത്സ്യമെന്ന് കണ്ടെത്തി.

ഇന്ത്യൻ ജേണൽ ഓഫ് ഫിഷറീസ് ജേണലിൽ ഈ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരങ്ങളിലെ ആഴക്കടലിൽ ഇനിയും കണ്ടെത്താത്ത വലിയൊരു സമുദ്ര ജൈവവൈവിധ്യം ഒളിഞ്ഞിരിപ്പുണ്ടെന്ന് സൂചന നൽകുന്നതാണ് പുതിയ കണ്ടെത്തൽ.




തിരുവനന്തപുരം ക്ലബ്ബിൽ നടന്ന ഡോക്ടേഴ്സ് ഡേ ആഘോഷ ചടങ്ങിൽ ഐ.എം.എ എക്സലൻസ് അവാർഡ് അമൃത ആശുപത്രിയിലെ ഡോ. സുബ്രഹ്മണ്യ അയ്യർക്ക് ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ നൽകുന്നു.

# ഐ.എം.എ കേരളത്തിന്റെ പ്രൊഫഷണൽ എക്സലൻസ് അവാർഡ് അമൃത ആശുപത്രിയിലെ ഡോ. സുബ്രഹ്മണ്യ അയ്യർക്ക്

**കൊച്ചി:** കൈ മാറ്റിവെക്കൽ ശസ്ത്രക്രിയ (ഒമിറ ൃമിുഹമിമ) രംഗത്തെ രാജ്യത്തെ പ്രമുഖ വിദഗ്ധനും അമൃത ആശുപത്രിയിലെ ഹെഡ് ആൻഡ് നെക്ക്, പ്ലാസ്റ്റിക് & ക്രാനിയോഫേഷ്യൽ സർജറി വിഭാഗം മേധാവിയുമായ ഡോ. സുബ്രഹ്മണ്യ അയ്യർക്ക് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ) കേരള സ്റ്റേറ്റ് ബ്രാഞ്ചിന്റെ ഡോക്ടേഴ്സ് ഡേ 2026 പ്രൊഫഷണൽ എക്സലൻസ് അവാർഡ് ലഭിച്ചു.

വൈദ്യരംഗത്തിനും സമൂഹത്തിനും നൽകിയ മികച്ച സംഭാവനകൾ, അസാധാരണമായ ചികിത്സാ മികവ്, അർപ്പണബോധം എന്നിവ പരിഗണിച്ചാണ് ഐ.എം.എ കേരളം ഈ ബഹുമതിക്ക് ഡോ. സുബ്രഹ്മണ്യ അയ്യരെ തെരഞ്ഞെടുത്തത്.

കൈ മാറ്റിവെക്കൽ ശസ്ത്രക്രിയ, സങ്കീർണമായ പ്ലാസ്റ്റിക് & റീകൺസ്ട്രക്റ്റീവ് ശസ്ത്രക്രിയകൾ, മുഖകഴുത്ത് പുനർനിർമാണ ശസ്ത്രക്രിയകൾ എന്നിവയിൽ ശ്രദ്ധേയമായ സേവനം കാഴ്ചവച്ചിട്ടുള്ള ഡോ. സുബ്രഹ്മണ്യ അയ്യർ, അനേകം രോഗികളുടെ ജീവിതത്തിലേക്ക് പുതുവെളിച്ചം പകർന്ന വൈദ്യവിദഗ്ധനാണ്. കൈ മാറ്റിവെക്കൽ ശസ്ത്രക്രിയയിൽ അമൃത ആശുപത്രിയെ ലോകത്തിലെ തന്നെ ഏറ്റവും വലിയ കേന്ദ്രമാക്കുന്നതിലും, ഈ രംഗത്തെ സേവനങ്ങൾക്ക് ഇന്ത്യയെ ലോകത്തിന്റെ തന്നെ മുൻപന്തിയിൽ എത്തിക്കുന്നതിനും അദ്ദേഹം നിർണായക പങ്കു വഹിച്ചിട്ടുണ്ട്.

തിരുവനന്തപുരം ക്ലബ്ബിൽ നടന്ന ഡോക്ടേഴ്സ് ഡേ ആഘോഷ ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ പുരസ്കാരം സമ്മാനിച്ചു.

ഡോ. സുബ്രഹ്മണ്യ അയ്യർക്ക് ലഭിച്ച ഈ അംഗീകാരം അമൃത ആശുപത്രിയുടെ രോഗികേന്ദ്രീകൃത ചികിത്സാ മികവിനും ആധുനിക ശസ്ത്രക്രിയാ രംഗത്തെ നേതൃത്വത്തിനും ലഭിച്ച അംഗീകാരമാണെന്ന് അമൃത ആശുപത്രി അധികൃതർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# നെഹ്റു ട്രോഫി നടത്തിപ്പ് ഇവന്റ് മാനേജ്മെന്റ് കമ്പനിക്ക് ചുമതല നൽകാൻ ആലോചന

**ആലപ്പുഴ:** ഇത്തവണത്തെ നെഹ്റു ട്രോഫി വള്ളംകളി വേദിയും സൗകര്യങ്ങളും മികച്ച രീതിയിൽ ഒരുക്കാൻ പ്രഫഷനൽ ഇവന്റ് മാനേജ്മെന്റ് കമ്പനിയെ ചുമതലപ്പെടുത്താൻ ആലോചന. നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് യോഗത്തിലാണ് ഇതിനായി ടെൻഡർ വിളിക്കുന്നതിനെക്കുറിച്ച് ചർച്ചകളുണ്ടായത്. വള്ളങ്ങളുടെ റജിസ്ട്രേഷൻ ഓഗസ്റ്റ് ഒന്ന് മുതൽ 10 വരെയും ക്യാപ്റ്റൻസ് ക്ലിനിക് 11 നും സംഘടിപ്പിക്കും. വള്ളംകളിയുടെ സ്പോൺസർഷിപ്പിന് താൽപര്യപത്രം ക്ഷണിക്കും. 3.5 4 കോടി രൂപയാണ് ഇത്തവണ സ്പോൺസർഷിപ്പിലൂടെ ലക്ഷ്യമിടുന്നത്. 10 ജില്ലകളിലെ സർക്കാർ ഓഫിസുകൾ വഴിയും എസ്ബിഐ, ഫെഡറൽ ബാങ്ക്, ഗ്രാമീൺ ബാങ്ക് എന്നീ ബാങ്കുകൾ വഴി ഓൺലൈനായും ടിക്കറ്റ് വിൽപന നടത്തും. വള്ളംകളിയോട് അനുബന്ധിച്ചുള്ള സാംസ്കാരിക ഘോഷയാത്ര 18 നും സാംസ്കാരിക പരിപാടികൾ 18, 19, 20 തീയതികളിലും വിപുലമായി സംഘടിപ്പിക്കാനും തീരുമാനമായി.

പന്തൽ കാൽനാട്ട് കർമം ഓഗസ്റ്റ് ഒന്നിന് നടത്തും. നെഹ്റു പവിലിയനിലെ സൗകര്യങ്ങൾ വർധിപ്പിക്കാനും പവിലിയനിലെ ജനത്തിരക്ക് നിയന്ത്രിക്കാനും സംവിധാനം ഒരുക്കുമെന്ന് ഇൻഫ്രാസ്ട്രക്ചർ കമ്മിറ്റി അറിയിച്ചു. നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി ചെയർമാൻ കൂടിയായ കലക്ടർ ഷാജി വി.നായർ അധ്യക്ഷത വഹിച്ചു. നഗരസഭാധ്യക്ഷ മോളി ജേക്കബ്, മുൻ എംഎൽഎമാരായ എ.എ.ഷുക്കൂർ, സി.കെ.സദാശിവൻ, എഡിഎം സി.പ്രേംജി, ഡപ്യൂട്ടി കലക്ടറും ആർഡിഒ ഇൻ ചാർജുമായ എം.ജെ.മോബി, ഫിനാൻസ് ഓഫിസർ അജയാനന്ദ്, ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ പി.എസ്.വിനോദ്, ആലപ്പുഴ ഡപ്യൂട്ടി പൊലീസ് സൂപ്രണ്ട് ജി.മുകേഷ്, സ്നേക് ബോട്ട് ഓണേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ആർ.കെ.കുറുപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. കമ്മിറ്റിയുടെ അടുത്ത യോഗം 12ന് രാവിലെ 11.30ന് ചേരും. ടൂറിസം മന്ത്രി പി.സി. വിഷ്ണുനാഥ് യോഗത്തിൽ പങ്കെടുക്കും.

നെഹ്റു ട്രോഫി വള്ളംകളിക്ക് ആവശ്യമായ എല്ലാ സുരക്ഷാ സജ്ജീകരണങ്ങളും പിന്തുണയും ഉറപ്പു വരുത്തുമെന്ന് മന്ത്രി രമേശ് ചെന്നിത്തല. നെഹ്റു ട്രോഫി വള്ളംകളി നമ്മുടെ തനത് സംസ്കാരത്തിന്റെ ഭാഗവും ആലപ്പുഴയുടെ വികാരവുമാണ്. വള്ളംകളി എല്ലാ വിഭാഗം ജനങ്ങളെയും വിനോദസഞ്ചാരികളെയും ഒരുപോലെ ആകർഷിക്കുന്ന മഹത്തായ കായികവിനോദമാണ്. നെഹ്റുവിന്റെ ഓർമ കൂടി പുതുക്കുന്നുണ്ട് ഈ വള്ളംകളി. അതുകൊണ്ട് കൂട്ടായ പരിശ്രമത്തിലൂടെ വള്ളംകളിയെ കൂടുതൽ ആവേശകരവും ആകർഷകവുമാക്കാനാവണമെന്നും അദ്ദേഹം പറഞ്ഞു. നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. വള്ളം കളികളിൽ പൊലീസിന്റെ സാന്നിധ്യവും നിയന്ത്രണവും കൂടുതൽ ശക്തമാക്കണമെന്ന് യോഗത്തിൽ നിർദേശമുയർന്നിരുന്നു.

# മെറിറ്റ് ഡേയും വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനവും

**ചെറുതോണി:** വിമലഗിരി വിമല ഹൈസ്കൂളിൽ മെറിറ്റ് ഡേയും വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനവും നടന്നു. വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനം പൂർവ വിദ്യാർഥിയും സംഗീതജ്ഞനും യുആർഎഫ് ജേതാവുമായ സാജോ ജോസഫ് നിർവഹിച്ചു.

എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയത്തിനും എപ്ലസ് നേടിയ കുട്ടികളെയും ഇടുക്കി രൂപത നടത്തിയ അക്കാദമിക് സ്കോളർഷിപ് മത്സര പരീക്ഷയിൽ വിജയികളായ കുട്ടികളെയും കോർപറേറ്റ് എഡ്യൂക്കേഷൻ ഏജൻസി സെക്രട്ടറി ഫാ. ഡോ. ജോർജ് തകിടിയേൽ മെമെന്റോ നൽകി ആദരിച്ചു. സ്കൂൾ മാനേജർ ഫാ. ജോസഫ് കുമരകത്തുകാലായിൽ അധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് സിസ്റ്റർ പ്രശാന്തി സിഎംസി, പിടിഎ പ്രസിഡൻറ് ബിജു ജോസഫ്, എംപിടിഎ പ്രസിഡൻറ് പ്രിൻസി അനിൽകുമാർ, അധ്യാപക പ്രതിനിധി ജുൽന മാത്യു എന്നിവർ പ്രസംഗിച്ചു.

# ഞാറ്റുവേല ചന്തയും കർഷകസഭയും

**ഹരിപ്പാട്:** ചേപ്പാട് പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ ഞാറ്റുവേല ചന്തയും കർഷക സഭയും സംഘടിപ്പിച്ചു. പഞ്ചായത്ത് അങ്കണത്തിൽ നടന്ന പരിപാടി പഞ്ചായത്ത് പ്രസിഡൻറ് ടി. തുളസി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡൻറ് എം.കെ. മണികുമാർ അധ്യക്ഷത വഹിച്ചു.

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എൽ. അമ്പിളി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ റേച്ചൽ ബേബി, ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുനിത കെ. മുരളി, വിവിധ വാർഡ് അംഗങ്ങൾ എന്നിവർ പ്രസംഗിച്ചു. മേളയിൽ പ്രദേശത്തെ കർഷകർ ഉൽപ്പാദിപ്പിച്ച വിവിധ വിളകൾ, വിത്തുകൾ, തൈകൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു.

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ വേഴപ്ര എൽപി സ്കൂളിൽ സംഘടിപ്പിച്ച ഓണത്തിനൊരുക്കാം വിളവിൻറെ വിസ്മയം രാമങ്കരി പഞ്ചായത്ത് തല ഉദ്ഘാടനം പ്രസിഡൻറ് ജോസി ഡൊമിനിക് തേവേരി നിർവഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ രാജേഷ് സോമൻ അധ്യക്ഷനായി. ജോസഫ് റെഫിൻ ജെഫ്രി ഞാറ്റുവേല സന്ദേശം നല്കി. അജിതമ്മ ആൻറണി, ബേബി ജോർജ്, അനു ടി. സേവ്യർ, പി.ടി. ഷാജി, അനിതാ ജേക്കബ് എന്നിവർ പ്രസംഗിച്ചു.

# കോട്ടയം പോർട്ടിലേക്ക് പുതിയ ബാർജ്; ചെലവ് എട്ടരക്കോടി

**കോട്ടയം:** കോട്ടയം തുറമുഖത്തേക്കുള്ള ചരക്കുനീക്കത്തിന് സഹായിക്കുന്ന പുതിയ ബാർജിന്റെ നിർമാണം മരടിൽ ആരംഭിച്ചു. അടുത്ത വർഷം ആദ്യ പകുതിയോടെ കോട്ടയത്ത് എത്തിക്കും. എട്ടരക്കോടി രൂപ ചെലവിൽ ബാക്ക് വാട്ടർ നാവിഗേഷൻ കമ്പനി നിർമിക്കുന്ന ബാർജിന് 56 മീറ്റർ നീളമുണ്ട്. പത്തരമീറ്റർ വീതിയും 2 ഹള്ളുകളുമുള്ള ബാർജിന് 700 മെട്രിക് ടണ്ണാണ് ഭാരം. മണിക്കൂറിൽ 6 നോട്ടിക്കൽ മൈൽ വേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്ന ബാർജിൽ 40 അടിയുടെ 18 കണ്ടെയ്നറുകൾ ഒരേ സമയം കയറ്റാം. 8 മണിക്കൂർകൊണ്ട് വല്ലാർപാടത്തുനിന്ന് കോട്ടയത്ത് ചരക്കുമായി എത്താം. 2 എൻജിനുകളുമുണ്ട്.

1.8 മീറ്റർ ആഴമുള്ള ഭാഗത്തുകൂടെ ബാർജിന് സഞ്ചരിക്കാമെന്നതിനാൽ വല്ലാർപാടത്തുനിന്ന് കോട്ടയത്തേക്ക് ഇതിന് സുഗമമായി എത്താനാകുമെന്ന് അധികൃതർ വിലയിരുത്തുന്നു. കോട്ടയം പോർട്ടിന് സ്വന്തമായുള്ള ബാർജിന്റെ അറ്റകുറ്റപ്പണി പൂർത്തിയായിട്ടുണ്ട്. 40 അടിയുടെ 4 കണ്ടെയ്നറുകൾ കയറ്റാൻ മാത്രം ശേഷിയുള്ള ബാർജാണിത്. അതുകൊണ്ടാണ് ബാക്ക് വാട്ടർ നാവിഗേഷൻ കമ്പനിയുമായി പുതിയ ബാർജിന് കരാറായത്.

കോവളംവിഴിഞ്ഞം റോഡ് നിർമാണം പൂർത്തിയായാൽ വിഴിഞ്ഞത്ത് ചരക്കുനീക്കം വേഗത്തിൽ ആരംഭിക്കും. അപ്പോൾ കോട്ടയം പോർട്ടിന്റെ സാധ്യതകളും പതിന്മടങ്ങാകും. കസ്റ്റംസ് സംവിധാനത്തിൽ വിപുല സൗകര്യങ്ങൾ കോട്ടയം പോർട്ടിൽ ഇപ്പോൾത്തന്നെ ഉള്ളതും നേട്ടമാകും.

എന്നാൽ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ചരക്കുനീക്കം സുഗമമാകണമെങ്കിൽ കടലിലും കായലിലും ഉപയോഗിക്കാൻ സാധിക്കുന്ന വൻ ബാർജുകൾ വേണം. ഈ ബാർജുകൾ എത്തണമെങ്കിൽ തണ്ണീർമുക്കം ബണ്ടിന്റെ പുതിയ ലോക്ക് സംവിധാനം തുറക്കേണ്ടിവരും. നിർമാണം പൂർത്തിയായെങ്കിലും ഈ ലോക്ക് തുറന്നില്ല. 14.75 മീറ്റർ വീതിയും 61 മീറ്റർ നീളവുമുള്ള ലോക്ക് സംവിധാനം പൂർണതോതിൽ പ്രവർത്തിപ്പിക്കണമെങ്കിൽ തണ്ണീർമുക്കം ബണ്ടിന് മുൻപിലുള്ള പാറക്കെട്ടുകളും നീക്കേണ്ടിവരുമെന്ന് അധികൃതർ ചൂണ്ടിക്കാട്ടുന്നു. കോട്ടയം പോർട്ട് ദേശീയ ജലപാത 9ന് സമീപമാണ്.



ആലപ്പുഴ അതിരമ്പുഴ കനാൽ എന്നറിയിപ്പെടുന്ന ഈ പാതയ്ക്ക് 2 മീറ്ററിൽ കൂടുതൽ ആഴം ഉള്ളതിനാൽ കായൽ വഴിയുള്ള ബാർജ് നീക്കം ബുദ്ധിമുട്ടാവില്ല. പഴുക്കാനിലം കഴിയുമ്പോൾ ദേശീയ ജലപാത മൂന്നായ കൊല്ലം കോട്ടപ്പുറം പാതയിലേക്ക് പ്രവേശിക്കാം. വിഴിഞ്ഞവുമായി ബന്ധിപ്പിക്കാൻ തൃക്കുന്നപ്പുഴയിലൂടെ കടലിലേക്കു പ്രവേശിക്കാം. അവിടെ വലിയ ലോക്ക് സംവിധാനം നിർമിച്ചിട്ടുണ്ട്.

എന്നാൽ ഇതിനു മുന്നിലുള്ള പൊഴിയുടെ ഭാഗം മുറിച്ചുനൽകിയാലേ കടലിലേക്ക് സുഗമമായി കടക്കാനാകൂ. സ്വന്തമായി ക്രെയിൻ ഇല്ലാത്തതും പോർട്ടിന് ക്ഷീണമാണ്.

രണ്ടിടങ്ങളിൽനിന്ന് സമാന്തരമായി പ്രവർത്തിപ്പിക്കാവുന്ന തരം ചെലവുകുറഞ്ഞ ക്രെയിനുകൾക്കായി അന്വേഷണം നടത്തുന്നുണ്ടെന്ന് പോർട്ട് എംഡി ഏബ്രഹാം വർഗീസ് പറഞ്ഞു.

# പാലാ ബ്രില്യന്റിൽ റിപ്പീറ്റേഴ്സ് പുതിയ ബാച്ചുകൾ ആരംഭിക്കുന്നു

**പാലാ:** 2027 നീറ്റ്/ ജെഇഇ/ കീം/ ഐസർ തുടങ്ങിയ പ്രവേശനപരീക്ഷകളിൽ മികച്ച വിജയം ലക്ഷ്യമിടുന്ന വിദ്യാർഥികൾക്കായി പ്രമുഖ പരിശീലനകേന്ദ്രമായ പാലാ ബ്രില്യന്റ് പുതിയ റിപ്പീറ്റേഴ്സ്, റീ റിപ്പീറ്റർ (ക്ലാസ് റൂം/ഓൺലൈൻ) ബാച്ചുകൾ പ്രഖ്യാപിച്ചു. റിപ്പീറ്റർ ബാച്ചുകൾ ജൂലൈ 15നും റീറിപ്പീറ്റർ ബാച്ചുകൾ ജൂലൈ 27നുമാണ് ക്രമീകരിച്ചിരിക്കുന്നത്.

ബ്രില്യന്റിന്റെ കേരളത്തിലെ എല്ലാ സെന്ററുകളിലും ബാച്ചുകൾ ജൂലൈ 15, 27 തീയതികളിൽ ആരംഭിക്കുന്നതാണ്. അതോടൊപ്പംതന്നെ ജൂലൈ 27ന് ഐസർ റിപ്പീറ്റർ ബാച്ച് പാലായിലും ആരംഭിക്കുന്നു. വിദ്യാർഥികളുടെ കഠിനാധ്വാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വൻതോതിലുള്ള സ്കോളർഷിപ്പ് ആനുകൂല്യങ്ങളാണ് ബ്രില്യന്റ് ഒരുക്കിയിരിക്കുന്നത്.

2026 നീറ്റ് പരീക്ഷയിൽ 500 മാർക്കിൽ കൂടുതൽ നേടിയവർക്ക് ഹോസ്റ്റൽ ഫീസ് ഉൾപ്പെടെ പൂർണമായും സൗജന്യമാകും. നീറ്റ് സ്കോർ 400ൽ കൂടുതൽ നേടിയവർക്കുവരെ പ്രത്യേക സ്കോളർഷിപ്പോടുകൂടി പഠിക്കുവാനുള്ള അവസരവും ഉണ്ടായിരിക്കും. റീപ്പീറ്റർ/റീറിപ്പീറ്റർ/ഐസർ ബാച്ചിലേക്ക് പ്രവേശനം നേടുന്നവർക്ക് സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

പഠനത്തിൽ മികവുപുലർത്തുന്ന, എന്നാൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിദ്യാർഥികൾക്ക് ബ്രില്യന്റ് സ്റ്റുഡന്റ് മൈത്രി സ്കീമിലൂടെ വിവിധങ്ങളായ സ്കോളർഷിപ്പുകൾ നല്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ००. brilliantpala.org, 04822206100, 206800 ബന്ധപ്പെടുക.

# കാൻസർ നിർണയ പരിശോധനയിൽ സൈഡസും അപ്പോളോയും കൈകോർക്കുന്നു

**ന്യൂഡൽഹി:** ഇന്ത്യയിലെ രോഗികൾക്കായി ഷീൽഡ് മൾട്ടി കാൻസർ ഡിറ്റക്ഷൻ ടെസ്റ്റ് ലഭ്യമാക്കുന്നതിനായി അപ്പോളോ ഹോസ്പിറ്റൽസുമായി പങ്കാളിത്തത്തിൽ ഏർപ്പെട്ടതായി ഡൈഡസ് ലൈഫ് സയൻസസ് ലിമിറ്റഡ് അറിയിച്ചു.

ഒരൊറ്റ പരിശോധനയിലൂടെ ഒന്നിലധികം തരത്തിലുള്ള കാൻസറുകൾ ശരീരത്തിൽ ഉണ്ടോയെന്ന് മുൻകൂട്ടി കണ്ടെത്താൻ സഹായിക്കുന്ന അത്യാധുനിക ടെസ്റ്റാണ് ഷീൽഡ്. അഹമ്മദാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു ഇന്ത്യൻ ബഹുരാഷ്ട്ര ഫാർമസ്യൂട്ടിക്കൽ കമ്പനിയാണ് സൈഡസ്.

പ്രിസിഷൻ ഓങ്കോളജി മേഖലയിലെ പ്രമുഖ കമ്പനായി ഗാർഡൻറ് ഹെൽത്തുമായി ഏർപ്പെട്ട പ്രത്യേക കരാറിലൂടെ ഷീൽഡ് മൾട്ടി കാൻസർ ഡിറ്റക്ഷൻ (എംസിഡി) ടെസ്റ്റ് ഇന്ത്യയിൽ ലഭ്യമാക്കാനുള്ള അവകാശം സൈഡസ് ലൈഫ് സയൻസിനുണ്ട്.




# പ്ലേസ്റ്റേഷൻ ഗെയിം ഡിസ്കുകൾ പൂർണ ഡിജിറ്റൽ യുഗത്തിലേക്കു കടക്കാൻ സോണി

**ലണ്ടൻ:** ഗെയിമിംഗ് ലോകത്തെ പ്രമുഖരായ സോണി സപ്പോർട്ട് ചെയ്യുന്ന പ്ലേസ്റ്റേഷൻ, തങ്ങളുടെ പുതിയ ഗെയിമുകൾ ഫിസിക്കൽ ഡിസ്കുകളിൽ പുറത്തിറക്കുന്നത് അവസാനിപ്പിക്കുന്നു. 2028 ജനുവരി മുതൽ ഈ പരിഷ്കാരം നിലവിൽവരുമെന്ന് കമ്പനി ഔദ്യോഗിക ബ്ലോഗ് പോസ്റ്റിലൂടെ അറിയിച്ചു.

ഇതോടെ ദശാബ്ദങ്ങൾ നീണ്ട പരമ്പരാഗത ഡിസ്ക് ഗെയിമിംഗ് യുഗത്തിനാണ് വിരാമമാകുന്നത്. പുതിയ പരിഷ്കാരമനുസരിച്ച് ഉപയോക്താക്കൾക്ക് കടകളിൽനിന്ന് നേരിട്ട് ഗെയിമുകൾ വാങ്ങാമെങ്കിലും, ഡിസ്കിനു പകരം ഒരു ഡിജിറ്റൽ ഡൗൺലോഡ് കോഡ് മാത്രമായിരിക്കും ലഭിക്കുക. ഉപയോക്താക്കൾക്ക് ഓൺലൈനായും ഗെയിമുകൾ ഡൗൺലോഡ് ചെയ്യാൻ കഴിയും.

ഡിജിറ്റൽ മാധ്യമങ്ങളോടുള്ള ആഗോള താത്പര്യം കണക്കിലെടുത്താണ് ഈ തീരുമാനമെന്ന് സോണി ഇന്ററാക്ടീവ് എന്റർടെയിൻമെന്റ് വ്യക്തമാക്കി. ഉപയോക്താക്കളുടെ താത്പര്യങ്ങളും വിനോദ വ്യവസായ മേഖലയിലെ മാറ്റങ്ങളും ഡിജിറ്റൽ വിതരണത്തിലേക്ക് പൂർണമായും മാറിയിരിക്കുകയാണെന്നും കാലത്തിനനുസരിച്ചുള്ള സ്വാഭാവികമായ മാറ്റം മാത്രമാണിതെന്നും കമ്പനി കൂട്ടിച്ചേർത്തു.

സോണിയുടെ പുതിയ തീരുമാനം വഴി ഡിസ്കുകളുടെ നിർമാണവും വിതരണവുമായി ബന്ധപ്പെട്ട വലിയ ചെലവുകൾ പൂർണമായും ഒഴിവാക്കാൻ കമ്പനിക്ക് സാധിക്കും. കൂടാതെ ഗെയിമുകൾക്കൊപ്പം നൽകുന്ന ഫിസിക്കൽ ഇന്ററാക്ഷൻ ബുക്ക്‌ലറ്റുകൾ പ്രിൻറ് ചെയ്യുന്നതിനുള്ള തുകയും ലാഭിക്കാം.

ഉപയോക്താക്കളെ സംബന്ധിച്ചിടത്തോളം വീട്ടിലിരുന്നുതന്നെ കൺട്രോളർ ഉപയോഗിച്ച് വളരെ എളുപ്പത്തിൽ ഗെയിമുകൾ ഓൺലൈനായി ഓർഡർ ചെയ്യാനും ഡൗൺലോഡ് ചെയ്യാനും സാധിക്കുമെന്നത് വലിയൊരു സൗകര്യമാണ്. മാത്രമല്ല ഫിസിക്കൽ ഡിസ്കുകൾ നഷ്ടപ്പെടാനോ അവയ്ക്ക് എന്തെങ്കിലും കേടുപാടുകൾ സംഭവിക്കാനോ സാധ്യതയുണ്ട്. എന്നാൽ ഓൺലൈൻ വഴി ഡൗൺലോഡ് ചെയ്യുന്ന ഗെയിമുകൾക്ക് ഇത്തരം ഭീഷണികൾ ഉണ്ടാകുന്നില്ല.

അതേസമയം, ഈ മാറ്റം ഉപയോക്താക്കളുടെ തെരഞ്ഞെടുപ്പുകളെ പരിമിതപ്പെടുത്തുകയും ചില ദോഷങ്ങൾ ഉണ്ടാക്കുകയും ചെയ്യും. ഡിസ്കുകൾ വിപണിയിൽനിന്ന് മാറുന്നതോടെ പുതിയ ഗെയിമുകൾ വാങ്ങാൻ ഡിജിറ്റൽ മാർഗങ്ങൾ മാത്രമായിരിക്കും അവശേഷിക്കുക. ഇത് കുറഞ്ഞ വരുമാനമുള്ള സാധാരണക്കാരായ ഗെയിമർമാരെയും പോക്കറ്റ് മണി ഉപയോഗിക്കുന്ന പ്രായം കുറഞ്ഞ ഉപയോക്താക്കളെയും ആയിരിക്കും ഏറ്റവും കൂടുതൽ ബാധിക്കുക. കൂടാതെ ഉപയോഗിച്ച പഴയ ഗെയിമുകൾ കുറഞ്ഞവിലയ്ക്ക് വാങ്ങാനോ, വിൽക്കാനോ ഉള്ള അവസരം ഇതോടെ ഇല്ലാതാകുമെന്നതും ഇതിന്റെ വലിയൊരു പോരായ്മയാണ്.

UJJIVAN
UJJIVAN SMALL FINANCE BANK
Build a Better Life

## നിക്ഷേപ പലിശ നിരക്ക് 7.50 ശതമാനമായി ഉയർത്തി ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കിന്റെ യുഎസ്ഡി എഫ് സിഎൻആർ(ബി) നിക്ഷേപങ്ങളുടെ പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചു. 3 മുതൽ 5 വർഷം വരെയുള്ള കാലാവധിയുള്ള നിക്ഷേപങ്ങളുടെ പലിശ നിരക്കാണ് പ്രതിവർഷം 7.50 ശതമാനമായി ഉയർത്തിയത്.

പ്രവാസികൾക്ക് മികച്ച ബാങ്കിംഗ് സേവനങ്ങളും ഉയർന്ന ലാഭവും ഉറപ്പാക്കുന്നതിനൊപ്പം രാജ്യത്തിന്റെ വിദേശനാണ്യ കരുതൽ ശേഖരം ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടാണ് ഈ തീരുമാനം.




## ഹ്രസ്വ ചിത്രം 'ഗ്രാനി' പുറത്തിറങ്ങി

**കൊച്ചി:** ഡിജിറ്റൽ ക്രിയേറ്ററും നടനുമായ അനന്തരാമൻ അജയ് സംവിധായകനായി അരങ്ങേറ്റം കുറിക്കുന്ന ഹ്രസ്വ ചിത്രം ഗ്രാനി പുറത്ത്. സിനിമയോട് കിട പിടിക്കുന്ന നിലവാരം പുലർത്തുന്ന ദൃശ്യങ്ങളും അഭിനേതാക്കളുടെ ഗംഭീര പ്രകടനവും ആണ് ഈ ഹ്രസ്വ ചിത്രത്തിന്റെ ഹൈലൈറ്റ്. ശിവരാജ്, കെപിഎസി ലീല എന്നിവരാണ് ചിത്രത്തിലെ കേന്ദ്ര കഥാപാത്രങ്ങളായ റോണി, മുത്തശ്ശി എന്നിവരായി വേഷമിട്ടിരിക്കുന്നത്. പ്രേക്ഷകരെ ആദ്യാവസാനം ആകാംഷയോടെ പിടിച്ചിരുത്തുന്ന തരത്തിലാണ് ഈ ഹ്രസ്വ ചിത്രം കഥ പറഞ്ഞിരിക്കുന്നതെന്നത് ശ്രദ്ധേയമാണ്.

ഒരു ഹൊറർ മിസ്റ്ററി മൂഡിൽ കഥ പറയുന്ന ഈ ഹ്രസ്വ ചിത്രത്തിൽ ശിവരാജും കെപിഎസി ലീലയും മികച്ച പ്രകടനമാണ് കാഴ്ച വെച്ചിരിക്കുന്നത്. മികച്ച സാങ്കേതിക നിലവാരവും ഗ്രാനിയുടെ പ്രത്യേകതയാണ്. ഒറ്റക്ക് താമസിക്കുന്ന ഒരു മുത്തശ്ശിയെ പരിചരിക്കാൻ എത്തുന്ന ഹോം നഴ്സ് ആയ ആൺകുട്ടിയും, അതിന് ശേഷം അവിടെ സംഭവിക്കുന്ന കാര്യങ്ങളുമാണ് ചിത്രത്തിന്റെ ഇതിവൃത്തം. 40 മിനിറ്റോളം ദൈർഘ്യമുള്ള ഈ ചിത്രത്തിന്റെ ക്ലൈമാക്സ് ഗംഭീരമാണെന്നതും ഇതിന്റെ പ്രധാന ഹൈലൈറ്റുകളിൽ ഒന്നാണ്. ഒരു നിമിഷം പോലും ബോറടിപ്പിക്കാതെ മികച്ച താളത്തിൽ മുന്നോട്ട് നീങ്ങുന്ന ചിത്രം പ്രേക്ഷകർക്ക് ഒരു പുതിയ അനുഭവം ആണ് സമ്മാനിക്കുന്നത്.

രചനസംവിധാനം: അനന്തരാമൻ അജയ്, ഛായാഗ്രഹണം: വിജയ് രഘു കൃഷ്ണൻ, സംഗീതം: ആർക്കി, എഡിറ്റർ: മിഥുൻ മുരളി, പ്രൊഡക്ഷൻ ഡിസൈനർ: ഹംസ വള്ളിത്തോട്, ക്രിയേറ്റീവ് ഡയറക്ടർ: സംഗീത് ശ്യാം, സൗണ്ട് ഡിസൈനർ: അജയൻ അടാട്ട്, ശബ്ദമിശ്രണം: പയസ്മോൻ സണ്ണി, കോസ്റ്റ്യൂം: രഞ്ജിനി മേരി റെജി, മേക്കപ്പ്: പ്രദീപ് വിതുര, കളർ ഗ്രേഡിംഗ്: ജോയ്നർ തോമസ്, ഢഎത : ബോബി രാജൻ, പിആർഒ : വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ, പോസ്റ്റർ ഡിസൈൻ: കൃഷ്ണ ബാല ഷേണായി.

## ഓൾ കാർഗോ ലിസ്റ്റ് ചെയ്തു

**കൊച്ചി:** ഓൾ കാർഗോ ലോജിസ്റ്റിക്സ് ലിമിറ്റഡിൽനിന്നുള്ള സ്വതന്ത്ര കമ്പനി ഓൾ കാർഗോ ഗ്ലോബൽ ലിമിറ്റഡ് നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തു.

പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നാലു വർഷം മുമ്പ് ഓൾ കാർഗോ ഗ്രൂപ്പ് ആരംഭിച്ച വികേന്ദ്രീകരണം ഇതോടെ പൂർത്തിയായി.

ഇതോടെ നാല് ലിസ്റ്റഡ് കമ്പനികളാണ് ഓൾ കാർഗോ ഗ്രൂപ്പിന്റെ കീഴിൽ വരുന്നത്.




# പിഎൻബി ഗിൽറ്റ്സിന് 30 വയസ്

**ന്യൂദൽഹി:** പഞ്ചാബ് നാഷണൽ ബാങ്കിന്റെ (പിഎൻബി) അനുബന്ധ സ്ഥാപനമായ പിഎൻബി ഗിൽറ്റ്സ് ലിമിറ്റഡ് 30ാം സ്ഥാപകദിനം ആഘോഷിച്ചു. 1996ൽ സ്ഥാപിതമായ കമ്പനി, സർക്കാർ സെക്യൂരിറ്റീസ് വിപണിയുടെയും ഇന്ത്യയിലെ ഡെറ്റ് മാർക്കറ്റിന്റെയും വളർച്ചയിൽ നിർണായക പങ്കുവഹിച്ച സ്ഥാപനങ്ങളിലൊന്നാണ്. സ്ഥാപനത്തിന്റെ അറ്റാദായ മൂല്യം ഏകദേശം 1,700 കോടി രൂപയായി ഉയർന്നതായും ഡെറ്റ് ക്യാപിറ്റൽ മാർക്കറ്റ് രംഗത്ത് രാജ്യത്തെ മുൻനിര 10 സ്ഥാപനങ്ങളിൽ ഇടം നേടിയതായും കമ്പനി അറിയിച്ചു. ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്ത് 25 വർഷം പൂർത്തിയാക്കിയതും ഈ വർഷത്തെ മറ്റൊരു നാഴികക്കല്ലാണ്.

പിഎൻബി എംഡിയും സിഇഒയുമായ അശോക് ചന്ദ്ര, പിഎൻബി ഗിൽറ്റ്സ് എംഡിയും സിഇഒയുമായ പരീദ് സുനിൽ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ആഘോഷം. സാങ്കേതികവിദ്യ, മികച്ച ഭരണസംവിധാനം, റിസ്ക് മാനേജ്മെന്റ് എന്നിവയിൽ തുടർച്ചയായ നിക്ഷേപമാണ് കമ്പനിയുടെ വളർച്ചയ്ക്ക് കരുത്തായതെന്ന് അധികൃതർ പറഞ്ഞു.



# രാജ്യത്തെ ആദ്യമായി വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച മാച്ചാ ടീയുടെ ലേലം നടന്നു

**ഗുവാഹാത്തി:** സാമ്പ്രദായിക തേയില ഉത്പാദന രീതികളിൽനിന്നു വ്യത്യസ്തമായി രാജ്യത്ത് ആദ്യമായി വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച മാച്ചാ ടീയുടെ ലേലം കഴിഞ്ഞ ദിവസം ആസാമിലെ ഒരു എസ്റ്റേറ്റിൽ നടന്നു.

കമ്മേലിയ സിനെൻസിസ് എന്ന് ശാസ്ത്രനാമമുള്ള തേയില ചെടികൾ വിളവെടുപ്പിന് മൂന്ന് നാല് ആഴ്ചകൾക്കു മുമ്പ് ഷീറ്റുകൾകൊണ്ട് തീർത്ത മറക്കുള്ളിൽ പരിപാലിച്ച് ഉത്പാദിപ്പിക്കുന്നതാണ് മാച്ചാ ടീ. തേയിലകളിൽ പതിക്കുന്ന 90 ശതമാനം സൂര്യപ്രകാശവും തടയുക വഴി ഇവയിലെ ക്ലോറോഫിൽസ്, അമിനോ ആസിഡ് ലെവൽ ഉയർത്തുകയും വ്യത്യസ്ത നിറവും ഫ്ളേവറും നൽകി ഇവ വിപണിയിൽ എത്തിക്കുകയുമാണെന്ന് തേയില ഉത്പാദകർ പറയുന്നു.

രാജ്യത്ത് ആദ്യമായി ഉത്പാദിപ്പിച്ച മാച്ചാ ടീയുടെ ലേലം കഴിഞ്ഞ ദിവസം ഗുവാഹാത്തിയിലെ ടീ ഓക്ഷൻ സെന്ററിൽ നടന്നു. ജെ. തോമസ് ആൻഡ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ലേലത്തിനെത്തിച്ച തേയില ഗുവാഹാത്തി ആസ്ഥാനമായുള്ള ഷിയോസൺസ് ചായ് കോ ആണ് വാങ്ങിയത്. അഞ്ചു കിലോ പാക്കുകളിലാണ് ഇവ വിപണിയിൽ എത്തിച്ചത്. പ്രീമിയം ഉത്പന്നത്തിന് കിലോയ്ക്ക് 3000 രൂപ വില വീണതായി ഗുവാഹാത്തി ടീ ഓക്ഷൻ ബയേഴ്സ് അസോസിയേഷൻ സെക്രട്ടറി ദിനേശ് ബിഹാനി പറഞ്ഞു. തണലിൽ വളർത്തിയ തേയിലകൾ തരിതരിയായി പൊടിച്ച് ഗ്രീൻ ടീയായി മാറ്റുന്നതാണ് മാച്ചാ ടീ. ഗ്രീൻ ടിയിൽ തേയിലകൾ വെള്ളത്തിൽ കുതിർത്തശേഷം നീക്കം ചെയ്യുമ്പോൾ മാച്ചാ ടീയിൽ തരിയായി ചേർത്ത തേയില കൂടി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഇത് ഉയർന്ന നിരക്കിൽ ആൻറി ഓക്സിഡൻറുകളും അമിനോ ആസിഡും സ്വാഭാവിക കഫീനും പ്രദാനം ചെയ്യുന്നതായി ഉത്പാദകർ അവകാശപ്പെടുന്നു. കിഴക്കൻ ആസാമിലെ ഛോട്ട ടിൻഗ്രായി എസ്റ്റേറ്റാണ് ഉത്പാദകർ. ജാപ്പനീസ് ടീ നിർമാതാക്കളുമായും കൃഷി വിദഗ്ധരുമായും ഉപകരണ വിതരണക്കാരുമായും ചേർന്ന് പതിറ്റാണ്ടുകളായി നടത്തിയ ആശയ വിനിമയങ്ങളുടെ ഉത്പന്നമാണ് മാച്ചാ ടീയെന്ന് ഛോട്ട ടിൻഗ്രായി ഡയറക്ടർ മൃത്യുഞ്ജയ് ജലൻ പറഞ്ഞു.




# ഹലോ കിറ്റിയുടെ ഡിഐവൈ ക്രാഫ്റ്റ് ഉൽപ്പന്നങ്ങളുമായി ഫൺസ്കൂൾ

**ചെന്നൈ:** പ്രമുഖ കളിപ്പാട്ട നിർമാതാക്കളായ ഫൺസ്കൂൾ ഇന്ത്യ ലിമിറ്റഡ് ലോകപ്രശസ്ത സാൻറിയോ കഥാപാത്രമായ ഹലോ കിറ്റി & ഫ്രണ്ട്സ് ഡിഐവൈ (സ്വയം നിർമിക്കാവുന്ന) ക്രാഫ്റ്റ് ഉൽപ്പന്ന ശ്രേണി അവതരിപ്പിച്ചു. ഹലോ കിറ്റി ഷേക്കി ചാർംസ്, ഹലോ കിറ്റി വീവിംഗ് ബീഡ്സ്, ഹലോ കിറ്റി കോയിൻ ബാങ്ക് എന്നീ മൂന്ന് ഉൽപ്പന്നങ്ങളാണ് ആദ്യഘട്ടത്തിൽ വിപണിയിലെത്തിച്ചിരിക്കുന്നത്. കുട്ടികളിലെ സർഗാത്മകത, ഭാവന, ഏകാഗ്രത, കൈവിനോദ നൈപുണ്യം എന്നിവ വളർത്തുന്നതിനൊപ്പം സ്ക്രീൻ ഉപയോഗം കുറച്ച് സൃഷ്ടിപരമായ വിനോദം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ ശ്രേണി അവതരിപ്പിച്ചിരിക്കുന്നതെന്ന് കമ്പനി അറിയിച്ചു.

ഫൺസ്കൂൾ ഇന്ത്യയുടെ സിഇഒ കെ. എ. ഷബീർ പറഞ്ഞു, ‘ഹലോ കിറ്റി ലോകമെമ്പാടുമുള്ള കുട്ടികൾക്ക് ഏറെ പ്രിയപ്പെട്ട കഥാപാത്രമാണ്. ഇന്ത്യൻ കുട്ടികൾക്കും കുടുംബങ്ങൾക്കും ആഗോളതലത്തിൽ ജനപ്രിയമായ ലൈസൻസുള്ള ഉൽപ്പന്നങ്ങൾ എത്തിക്കുകയെന്ന കമ്പനിയുടെ ലക്ഷ്യത്തിലെ സുപ്രധാന ചുവടുവയ്പ്പാണ് ഈ അവതരണം. കളിപ്പാട്ടങ്ങൾ മാത്രമല്ല, കുട്ടികളുടെ സ്വയംപ്രകടനവും സൃഷ്ടിപരമായ കഴിവുകളും വളർത്തുന്ന അനുഭവമാണ് ഈ ഡിഐവൈ കിറ്റുകൾ നൽകുന്നത്.

അഞ്ച് വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള ഹലോ കിറ്റി ഷേക്കി ചാർംസ് കിറ്റിലൂടെ ബാഗുകളിലും വാട്ടർ ബോട്ടിലുകളിലും ഘടിപ്പിക്കാവുന്ന അലങ്കാര ചാർമുകൾ നിർമ്മിക്കാം. എട്ട് വയസ്സിനു മുകളിലുള്ളവർക്കായി തയ്യാറാക്കിയ ഹലോ കിറ്റി വീവിംഗ് ബീഡ്സ് കിറ്റിൽ 1,500ലധികം വർണാഭമായ മുത്തുകളും ലൂമും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുപയോഗിച്ച് കീചെയിൻ, കോസ്റ്റർ, ടേപ്പസ്ട്രി എന്നിവ നിർമിക്കാനാകും. ഹലോ കിറ്റി കോയിൻ ബാങ്ക് കിറ്റിലൂടെ സെറാമിക് പിഗ്ഗി ബാങ്ക് കുട്ടികൾക്ക് ഇഷ്ടാനുസരണം വർണാഭമാക്കി അലങ്കരിക്കാനും സമ്പാദ്യശീലം വളർത്താനും കഴിയും.

പുതിയ ഉൽപ്പന്നങ്ങൾ രാജ്യത്തെ പ്രമുഖ കളിപ്പാട്ട, റീട്ടെയിൽ സ്റ്റോറുകളിലും പ്രധാന ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ലഭ്യമാണെന്ന് കമ്പനി അറിയിച്ചു. ഹലോ കിറ്റിയുടെ കൂടുതൽ ഡിഐവൈ ഉൽപ്പന്നങ്ങൾ ഉടൻ വിപണിയിലെത്തിക്കുമെന്നും ഫൺസ്കൂൾ വ്യക്തമാക്കി.

# ഫ്ളിപ്കാർട്ട് ഗോട്ട് സെയിലിൽ മോട്ടോറോള സ്മാർട്ട്ഫോണുകൾക്ക് ആകർഷക ഓഫറുകൾ

**ന്യൂദൽഹി:** ഫ്ലിപ്കാർട്ടിന്റെ ഗോട്ട് സെയിൽ 2026ന്റെ ഭാഗമായി മോട്ടോറോള വിവിധ സ്മാർട്ട്ഫോണുകൾക്ക് വിലക്കിഴിവും 24 മാസം വരെ നോകോസ്റ്റ് ഇഎംഐയും ഉൾപ്പെടെയുള്ള പ്രത്യേക ഓഫറുകൾ പ്രഖ്യാപിച്ചു. മോട്ടോറോള എഡ്ജ് 70 ഫ്യൂഷൻ, എഡ്ജ് 70 പ്രോ സീരീസ്, മോട്ടോ ജി37, ജി37 പവർ എന്നിവ ഉൾപ്പെടെയുള്ള മോഡലുകൾ ഓഫർ വിലയിൽ ലഭ്യമാകും.

എഡ്ജ് 70 ഫ്യൂഷൻ 27,999 രൂപ മുതലും, എഡ്ജ് 70 പ്രോ 36,999 രൂപ മുതലും എഡ്ജ് 70 പ്രോ പ്ലസ് 44,999 രൂപ മുതലുമാണ് ലഭ്യമാകുക. മോട്ടോ ജി37ന് 13,999 രൂപയും, ജി37 പവറിന് 15,999 രൂപയുമാണ് ഓഫർ വില. തിരഞ്ഞെടുക്കപ്പെട്ട മോഡലുകൾക്ക് 24 മാസം വരെ നോകോസ്റ്റ് ഇഎംഐ സൗകര്യവും ലഭിക്കും.

ക്യാമറ, കൃത്രിമബുദ്ധി (എഐ) അധിഷ്ഠിത സവിശേഷതകൾ, ഉയർന്ന റിഫ്രെഷ് റേറ്റ് ഡിസ്പ്ലേ, ദീർഘനേരം ഉപയോഗിക്കാവുന്ന ബാറ്ററി തുടങ്ങിയ പ്രീമിയം ഫീച്ചറുകൾ കൂടുതൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയാണ് ഓഫറുകളുടെ ലക്ഷ്യമെന്ന് കമ്പനി അറിയിച്ചു. ഫ്ലിപ്കാർട്ട് ഗോട്ട് സെയിൽ വെള്ളിയാഴ്ച മുതൽ ആരംഭിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com